ചട്ടം 42 (zzz-ൽ നിഷ്കർഷിക്കുന്നു. അതിനാൽ പ്രത്യേക നിയമനിർമ്മാണം വഴിയേ പാൻമസാല, പാൻപരാഗ് മുതലായവ പൂർണ്ണമായും നിരോധിക്കാൻ സാധിക്കുകയുള്ളൂ.

(സി) കുട്ടികൾക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മുഖേന അധികാരപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇങ്ങനെയുള്ള നടപടികൾ ആരോഗ്യ വകുപ്പിൽ നിന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ഇവയുടെ വിപണനം പൂർണ്ണമായും നിരോധിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ.

റവന്യൂ പുറമ്പോക്ക് ഭൂമി

*6 [249?] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിസ്തൃതി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) ഉണ്ട്. സംസ്ഥാനത്ത് ഇടുക്കി ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കുകളിലും ഒഴികെയുള്ള പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിസ്തൃതി 124348.07.64 ഹെക്ടർ ആണ്.

(ബി) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ഒഴിവാക്കുന്നതിന് കേരള ഭൂമി സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയമപ്രകാരം സംസ്ഥാനത്ത് 6596 കേസ്സുകൾ ബുക്ക് ചെയ്തിട്ടുണ്ട്. അതിൽ 516 കേസ്സുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതും ബാക്കി 6080 കേസ്സുകളിൽ നടപടി തുടർന്നു വരികയുമാണ്. 7598 ഒഴിപ്പിക്കൽ കേസ്സുകളിൽ 647 കേസ്സുകളിൽ ഒഴിപ്പിക്കൽ നടത്തുകയും ബാക്കി 6951 കേസ്സുകളിൽ നടപടി പുരോഗമിച്ചു വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly